# കേരള സർക്കാർ

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്ത് - 1999-2000 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 29-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.1720/2016/തസ്വഭവ. തിരുവനന്തപുരം,തീയതി:23/05/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10/02/2016 തീയതിയിലെ ജി3-11023/15(1) നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 29 പ്രകാരം സർക്കാർ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് നിർമ്മൽ-2000 പദ്ധതിയനുസരിച്ച് കക്കൂസ് നിർമ്മാണത്തിനായി ചെലവുചെയ്ത 1,76,000(ഒരു ലക്ഷത്തി എഴുപത്തിആറായിരം രൂപ) ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ(2014-2016) 32ാമത് റിപ്പോർട്ടിലെ(കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചുള്ളത്) ഖണ്ഡിക 1.3.6 ൽ കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്ത് സർക്കാരിൽ സമർപ്പിച്ച സാധൂകരണാപേക്ഷമേൽ സർക്കാർ തലത്തിൽ തീരുമാനമാനമെടുക്കാൻ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 08-01-2016 ലെ V(6)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്,ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശപ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയതിനാലും പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ യഥാവിധം സൂക്ഷിക്കാത്തതിനാലുമാണ് ആഡിറ്റ് തടസ്സം വന്നിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ടി പദ്ധതി ഗ്രാമീണമേഖലയിലെ ശുചിത്വനിലവാരം വർദ്ധിപ്പിക്കുന്നതിന് സഹായകമാണ് എന്നും ജനകീയാസൂത്രണപദ്ധതിയുടെ പ്രാരംഭകാലഘട്ടത്തിലുള്ള പദ്ധതിയായതിനാലാണ് പദ്ധതി നിർവ്വഹണത്തിൽ പാളിച്ചകൾ വന്നുകൂടിയത് എന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 29 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 1,76,000 രൂപയുടെ(ഒരു ലക്ഷത്തിഎഴുപത്തിആറായിരം രൂപ) ചെലവിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സിദ്ധാർത്ഥൻ.എസ്<br>ഡപ്യൂട്ടിസെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം<br>
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം<br>
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം<br>
സെക്രട്ടറി, ഞീഴൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല<br>
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)<br>
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ